(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധമായി ചേർത്തിരിക്കുന്ന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അധികാരങ്ങൾക്കൂടി വിശദീകരിച്ചിട്ടുണ്ട്. അവ പ്രയോഗത്തിൽ വരുത്താൻ പര്യാപ്തമായ 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ടും അതിൽ അധിഷ്ഠിതമായ നിയമങ്ങളുമാണ് നിലവിലുള്ളത്. പ്രസ്തുത നിയമങ്ങൾ നിലവിൽ ഇതിന്റെ നടത്തിപ്പിനായി പര്യാപ്തമാണ്.

(ഡി) ഇല്ല. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും ശാസ്ത്ര സാങ്കേതിക വകുപ്പിന്റെയും ജീവനക്കാരെ ഉപയോഗപ്പെടുത്തിയാണ് ഏകോപിപ്പിക്കുന്നത്. ഭരണ നിർവ്വഹണ കാര്യങ്ങൾ ശാസ്ത്ര സാങ്കേതിക (എ) വകുപ്പും സാങ്കേതിക സഹായങ്ങൾ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും നൽകിവരുന്നു. തിരുവനന്തപുരം പട്ടത്തെ ശാസ്ത്രഭവൻ ആസ്ഥാനമാക്കിയാണ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണമെന്ന ആവശ്യം

14 (1878) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് ഇളവ് അനുവദിക്കണം എന്നാവശ്യപ്പെട്ട് രേഖാമൂലം കേന്ദ്രത്തിന് അപേക്ഷ സമർപ്പിച്ചിരുന്നോ ;

(ബി) എന്നാണ് അപേക്ഷ സമർപ്പിച്ചത് ; എന്തെല്ലാം ഇളവുകളാണ് അതിൽ ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിന്മേൽ കേന്ദ്ര സർക്കാർ ഇളവുകൾ സ്വീകരിച്ച തുടർ നടപടികളെന്തെല്ലാം ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആശ്രിത നിയമനത്തിനുള്ള കാലതാമസം

15 (1879) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമനം ലഭിക്കുവാൻ അർഹരായ എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ ഇനത്തിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; യോഗ്യതയുള്ളവർക്ക് അനുയോജ്യമായ ഇതര വകുപ്പുകളിൽ നിയമനം നൽകുന്നതിന് തടസ്സമുണ്ടോ ;

(സി) ശ്രീ. ശ്രീജിത്ത് ആർ. എസ്., പൗർണമി, പെരുമണ്ണൂർ പി.ഒ., വാളകം, ടിയാളുടെ പിതാവും ഗവ. എൽ.പി.എസ്. വാളകം പ്രഥമാദ്ധ്യാപകനുമായിരുന്ന പി. രാജൻ സർവ്വീസിലിരിക്കെ മരണപ്പെട്ട സാഹചര്യത്തിൽ ആശ്രിത നിയമനത്തിനായി സമർപ്പിച്ച 52461/L3/2013/TGEdn. നമ്പർ ഫയലിന്മേലുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് നിർണ്ണയിച്ച് നൽകാനായി പൊതുഭരണ (സി.ഇ. സെൽ) വകുപ്പിലേക്ക് സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾ മുഖാന്തരം ലഭിച്ച പ്രൊഫോർമ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലായി 178 അപേക്ഷകർ നിലവിലുണ്ട്. വിവിധ വകുപ്പുകളിൽ നിലവിലുള്ള അപേക്ഷകളെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ആശ്രിത നിയമനത്തിനായി അപേക്ഷകർ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ആശ്രിത നിയമനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 6-7-2012-ലെ ജി.ഒ.(എംഎസ്.) നമ്പർ 174/12 ജി.എ.ഡി. ഉത്തരവുപ്രകാരം 549 തസ്തികകളും 2-9-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 249/13/ജി.എ.ഡി. ഉത്തരവ് പ്രകാരം 356 തസ്തികകളും ഉൾപ്പെടെ 905 തസ്തികകൾ അതാത് വകുപ്പുകളിൽ തന്നെ സൂപ്പർന്യൂമററിയായി സൃഷ്ടിച്ച് നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ലീഗൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് തസ്തികകളിലായി 4 അധിക സൂപ്പർന്യൂമററി തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതാത് വകുപ്പുകളിൽ ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. ആശ്രിത നിയമന വ്യവസ്ഥകൾ പ്രകാരം മാതൃവകുപ്പുകളിൽ നിയമനം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിലെ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിൽ അപേക്ഷകരുടെ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത വകുപ്പ് മുഖേനയാണ് ഒഴിവ് നിർണ്ണയിച്ച് നൽകുന്നത്.

(സി) ശ്രീ. ശ്രീജിത്ത് ആർ. എസ്. ആശ്രിതനിയമനത്തിനായി സമർപ്പിച്ച അപേക്ഷയടങ്ങുന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 52461/എൽ3/13/പൊ.വി.വ. നമ്പർ ഫയൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അനുമതിക്കായി ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly